

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : Suraj S** **Editor : Dr Saritha Vijayan K**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-01/11/2022.

1. സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ പ്രീമിയം തുക ഒടുക്കുന്നതിനുള്ള സംവിധാനവും, പോളിസി സർട്ടിഫിക്കറ്റ് ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സംവിധാനവും 2022 ഒക്ടോബർ 20 മുതൽ എയിംസ് പോർട്ടലിൽ ഫീൽഡ് തലത്തിൽ പ്രവർത്തനക്ഷമമായിട്ടുണ്ട്. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് (നവംബർ 1) വൈകിട്ട് 5 മണിക്ക് സെക്രട്ടറിയേറ്റ് അനക്സ് 2-ലെ ലയം ഹാളിൽ വച്ച് കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് നിർവഹിക്കും.

2. കൃഷി മന്ത്രിയും കൃഷിവകുപ്പിലെ സംസ്ഥാനതല ഉദ്യോഗസ്ഥരും കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് കർഷകരുടെ സംബന്ധിക്കുകയും പരിഹാരം കാണുകയും ചെയ്ത ആദ്യത്തെ കൃഷി ദർശൻ പരിപാടിക്ക് തൃശൂർ ജില്ലയിലെ ഒല്ലൂക്കര ബ്ലോക്കിൽ സമാപനം ആയി. കർഷകർ കാലങ്ങളായി ഉന്നയിക്കുന്ന ഒട്ടേറെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തിയതിന് കൃഷിദർശൻ പരിപാടി നിമിത്തമായി. ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതിയിലെ ആനുകൂല്യം നിഷേധിക്കപ്പെട്ട 441 പേർക്ക് ആനുകൂല്യങ്ങൾ അനുവദിച്ചു. പദ്ധതിയുമായി ബന്ധപ്പെട്ട് ബ്ലോക്കിൽ നിലവിൽ ഉണ്ടായിരുന്ന എല്ലാ അപേക്ഷകളും തീർപ്പാക്കി. ഒല്ലൂക്കര ബ്ലോക്കിലെ പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ച മുഴുവൻ കർഷകർക്കും നഷ്ടപരിഹാരമായി നൽകേണ്ടുന്ന തുകയുടെ സംസ്ഥാനവിഹിതം പൂർണ്ണമായും പ്രത്യേക ഉത്തരവിട്ട് സർക്കാർ അനുവദിച്ചു. 378 കർഷകർക്ക് 30.38 ലക്ഷം രൂപയാണ് അനുവദിച്ചത്. തുക ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് ലഭിക്കും.

3. തൃശ്ശൂർ ഒല്ലൂർ കൃഷി സമൃദ്ധി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ നേതൃത്വത്തിൽ മുരിങ്ങയിലയിൽ തയ്യാറാക്കിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ കേരളപ്പിറവി ദിനത്തിൽ കടൽ കടക്കും. മുരിങ്ങയിലയിൽ നിന്നുള്ള ഉൽപ്പന്നങ്ങളായ മുരിങ്ങ പൗഡർ, മുരിങ്ങ റൈസ് പൗഡർ, മുരിങ്ങ സൂപ്പ് പൗഡർ എന്നിവയാണ് ഒല്ലൂർ കൃഷി സമൃദ്ധിയുടെ ബ്രാന്റിൽ തയ്യാറാക്കിയിരിക്കുന്നത്. പ്രോഡക്റ്റ് ലോഞ്ച് കൃഷിദർശൻ പരിപാടിയിൽ കൃഷിമന്ത്രി പി പ്രസാദ്, റവന്യൂ മന്ത്രി കെ. രാജൻ എന്നിവർ ചേർന്ന് നിർവഹിച്ചു. നാച്ചുറൽ പ്രോ ഫുഡ് സ്റ്റഫ് ട്രേഡിങ് കമ്പനിയാണ് ഉൽപ്പന്നങ്ങൾ യുഎഇ മാർക്കറ്റിൽ മൂന്ന് മാസം വിപണനം ചെയ്യുക. കുടുംബശ്രീ സംരംഭങ്ങളുടെയും, ഒല്ലൂർ കൃഷി സമൃദ്ധി കർഷകസംഘം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

ഗ്രൂപ്പുകളുടെയും സഹകരണത്തോടെയാണ് ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്നത്. ജെ എൽ ജി ഗ്രൂപ്പുകളും മറ്റു കർഷകരും നട്ടുവളർത്തിയ മുരിങ്ങയില കിലോ 30 രൂപ നൽകിയാണ് സ്വീകരിക്കുന്നത്. മുരിങ്ങയില കൃഷിയുടെ മൂല്യവർദ്ധന രീതികളെ കുറിച്ച് കാർഷിക സർവകലാശാലയിലെ ശാസ്ത്രജ്ഞർ വഴി പരിശീലനം നൽകി.

4. കോട്ടയം ജില്ലയിലെ പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് 2022-23 വർഷത്തെ ജനകീയാസൂത്രണ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പോത്ത് കുട്ടി വളർത്തൽ, ആട് വളർത്തൽ, കന്നുകുട്ടി പരിപാലനം എന്നീ പദ്ധതികൾക്ക് അപേക്ഷ വെറ്ററിനറി പോളിക്ലീനിക് പരിയാരത്ത് നവംബർ മാസം 05-ന് 5 മണിക്ക് മുമ്പ് സമർപ്പിക്കണമെന്ന് വെറ്ററിനറി സർജൻ അറിയിച്ചു.

5. തിരുവനന്തപുരം കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ 10 മാസവും 11 മാസവും പ്രായമുള്ള രണ്ട് വെച്ചൂർ കാളകുട്ടികളെ ഈ മാസം 3-ന് (നവംബർ 3-ന് രാവിലെ 11 മണിക്ക് ഫാം പരിസരത്ത് വച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നു. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിന് മുമ്പായി 1500 രൂപ നിരതദ്രവ്യമായി ഓഫീസിൽ അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2732962** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

6. കോഴിക്കോട് വേങ്ങേരി കാർഷിക മൊത്ത വ്യാപാര കേന്ദ്രത്തിൽ സ്ഥിതി ചെയ്യുന്ന കേരള കാർഷിക സർവകലാശാല വിജ്ഞാന വിപണന കേന്ദ്രത്തിൽ വച്ച് നവംബർ 5 ന് **ശുദ്ധജല മത്സ്യ കൃഷിയും അക്വാപോണിക്സ് കൃഷി രീതിയും** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ **0495 2935850, 9188223584** എന്ന ഫോൺ നമ്പറിൽ വിളിച്ചു 03.11.2022 ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 30 പേർക്ക് ആയിരിക്കും ക്ലാസ്സിൽ പങ്കെടുക്കാൻ അവസരം ഉണ്ടായിരിക്കുക. രാവിലെ 10.30 മുതൽ ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ് എന്ന് കാർഷിക വിജ്ഞാന വിപണന കേന്ദ്രം അസിസ്റ്റന്റ് പ്രൊഫസർ ആൻഡ് ഹെഡ് അറിയിച്ചു.

7. കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് നവംബർ 10,11 തീയതികളിൽ കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ ക്ഷീരസംഘം ഭരണസമിതി അംഗങ്ങൾക്കായി പരിശീലനം സംഘടിപ്പിക്കുന്നു. പ്രവേശന ഫീസ് 20 രൂപ. ആധാർ കാർഡിന്റെ പകർപ്പ് പരിശീലന സമയത്ത്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഹാജരാക്കേണ്ടതാണ്. താൽപര്യമുള്ളവർ ഇന്ന് (നവംബർ 01) വൈകുന്നേരം 5 മണിക്ക് മുമ്പായി dd-dtc-kkd.dairy@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലോ, **0495–2414579** എന്ന ഫോൺ നമ്പരിലോ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

8. മുണ്ടകൻ കൃഷിയിറക്കിയ കോൾപ്പാടങ്ങളിൽ പട്ടാളപ്പുഴുവിന്റെ ആക്രമണം രൂക്ഷമാകുന്നു. രാത്രികാലങ്ങളിൽ കൂട്ടമായി ഇറങ്ങുന്ന പുഴുക്കൾ പ്രധാനമായും 20 ദിവസത്തിൽ താഴെ പ്രായമുള്ള നെൽച്ചെടികളെ ഏതാണ്ട് പൂർണ്ണമായി തിന്ന് നശിപ്പിക്കുന്നു. പറിച്ചു നടുന്നതിന് പകരം വിത്ത് വിതച്ച സ്ഥലങ്ങളിലാണ് ഇവയുടെ ആക്രമണം ഏറ്റവും മാരകമാവുന്നത്. ചാഴൂർ, പാറളം, ആലപ്പാട്, പള്ളിപ്പുറം, ചേർപ്പ് തുടങ്ങിയ സ്ഥലങ്ങളിലെ പാടശേഖരങ്ങൾ സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിലെ ശാസ്ത്രജ്ഞർ ഇനി പറയുന്ന നിയന്ത്രണമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു.

പാടങ്ങളിൽ വെള്ളം കെട്ടി നിർത്തുക. പക്ഷികളെ കൂടുതലായി ആകർഷിക്കുന്നതിന് വേണ്ടി മരച്ചില്ലകൾ പാടത്ത് നാട്ടിക്കൊടുക്കുക. ഉപയോഗം കഴിഞ്ഞ നഴ്സറികൾ നശിപ്പിക്കുക. കളനശീകരണം നടത്തുക. രാത്രികാലങ്ങളിൽ വിളക്ക് കെണികൾ സ്ഥാപിച്ച് നിശാശലഭങ്ങളെ നശിപ്പിക്കുക. പുഴുക്കളെ കെണി വച്ച് പിടിച്ച് നശിപ്പിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം